എ.വൈ.ആർ

### സൂറഃ-9

# അത്തൗബ

ٱلتَّٰٓئِبُونَ ٱلۡعَٰبِدُونَ ٱلۡحَٰمِدُونَ ٱلسَّٰٓئِحُونَ ٱلرَّٰكِعُونَ ٱلسَّٰجِدُونَ
ٱلۡأٓمِرُونَ بِٱلۡمَعۡرُوفِ وَٱلنَّاهُونَ عَنِ ٱلۡمُنكَرِ وَٱلۡحَٰفِظُونَ لِحُدُودِ ٱللَّهِۗ
وَبَشِّرِ ٱلۡمُؤۡمِنِينَ ١١٢

**112.** അല്ലാഹുവിങ്കലേക്ക് ആവർത്തിച്ചു മടങ്ങുന്ന, അവന് കീഴ്‌വണങ്ങിക്കൊണ്ടിരിക്കുന്ന, അവന് സ്തുതികീർത്തനം ചെയ്യുന്ന, ദേശാടകരായ, നമിക്കുകയും പ്രണമിക്കുകയും ചെയ്യുന്ന, ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന, അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുന്ന ആളുകളത്രെ ഈ കച്ചവടം നടത്തിയവർ. ആ സത്യവിശ്വാസികളെ സുവിശേഷമറിയിച്ചുകൊള്ളുക.

مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن يَسۡتَغۡفِرُواْ لِلۡمُشۡرِكِينَ وَلَوۡ كَانُوٓاْ أُوْلِي
قُرۡبَىٰ مِنۢ بَعۡدِ مَا تَبَيَّنَ لَهُمۡ أَنَّهُمۡ أَصۡحَٰبُ ٱلۡجَحِيمِ ١١٣

**113.** ബഹുദൈവാരാധകരുടെ പാപമോചനാർഥം പ്രാർഥിക്കുക പ്രവാചകന്നും സത്യവിശ്വാസികൾക്കും ഭൂഷണമല്ലതന്നെ. അവർ ഉറ്റബന്ധുക്കളായിരുന്നാലും ശരി; അവർ നരകാവകാശികളാണെന്ന് വ്യക്തമായിക്കഴിഞ്ഞശേഷം.

ٱلتَّٰٓئِبُونَ= ആവർത്തിച്ചു മടങ്ങുന്ന ആളുകൾ ٱلۡعَٰبِدُونَ= കീഴ്‌വണങ്ങുന്ന ആളുകൾ

ٱلۡحَٰمِدُونَ= സ്തുതികീർത്തനം ചെയ്യുന്ന ആളുകൾ ٱلسَّٰٓئِحُونَ= സഞ്ചരിക്കുന്ന, ദേശാടകരായ ٱلرَّٰكِعُونَ= നമിക്കുന്ന ആളുകൾ

ٱلسَّٰجِدُونَ= സാഷ്ടാംഗം പ്രണാമം ചെയ്യുന്ന ആളുകൾ ٱلۡأٓمِرُونَ= കൽപിക്കുന്ന ആളുകൾ بِٱلۡمَعۡرُوفِ= ധർമം(കൊണ്ട്)

وَٱلنَّاهُونَ= വിലക്കുന്ന ആളുകൾ عَنِ ٱلۡمُنكَرِ= അധർമം وَٱلۡحَٰفِظُونَ= സൂക്ഷിക്കുന്ന, പാലിക്കുന്ന ആളുകൾ

لِحُدُودِ ٱللَّهِۗ= അല്ലാഹുവിന്റെ നിയമപരിധികൾ وَبَشِّرِ= നീ(പ്രവാചകൻ)സുവിശേഷമറിയിച്ചു കൊള്ളുക

ٱلۡمُؤۡمِنِينَ= സത്യവിശ്വാസികളെ مَا كَانَ لِلنَّبِيِّ= പ്രവാചകന്ന് ചേർന്നതല്ല, ഭൂഷണമല്ല

وَٱلَّذِينَ ءَامَنُوٓاْ= സത്യവിശ്വാസികൾക്കും أَن يَسۡتَغۡفِرُواْ= അവർ പാപമോചനാർഥം പ്രാർഥിക്കുക

لِلۡمُشۡرِكِينَ= ബഹുദൈവാരാധക(ർക്ക്)രുടെ وَلَوۡ كَانُوٓاْ= അവർ ആയിരുന്നാലും أُوْلِي قُرۡبَىٰ= ഉറ്റബന്ധുക്കൾ

مِنۢ بَعۡدِ مَا تَبَيَّنَ= വ്യക്തമായിക്കഴിഞ്ഞശേഷം لَهُمۡ= അവർക്ക് أَنَّهُمۡ= എന്തെന്നാൽ അവർ

أَصۡحَٰبُ= ആളുകൾ, അവകാശികൾ ആകുന്നു(എന്ന്) ٱلۡجَحِيمِ = നരകത്തിന്റെ

**112:** ജീവിതം അല്ലാഹുവിന് വിൽപന നടത്തിയ വിശ്വാസികളുടെ പത്തു സ്വഭാവങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഒന്നാമത്തെ സ്വഭാവം (അല്ലാഹുവിന്റെ മാർഗത്തിലെ പോരാട്ടം) കഴിഞ്ഞ സൂക്തത്തിൽ തന്നെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. ബാക്കി ഒമ്പതു ഗുണങ്ങളാണീ സൂക്തം പരാമർശിക്കുന്നത്. അല്ലാഹുവിലേക്ക് അധികമധികം മടങ്ങിക്കൊണ്ടിരിക്കുക എന്നതാണ് രണ്ടാമത്തെ സ്വഭാവം. اَلتَّٰٓئِبُونَ എന്ന മൂലപദത്തിന്റെ ഭാഷാർഥം അധികം മടങ്ങുന്നവർ എന്നും, സാങ്കേതികാർഥം അധികം തൗബ ചെയ്യുന്നവർ അഥവാ പശ്ചാത്തപിക്കുന്നവർ എന്നുമാണ്. ഈ സന്ദർഭത്തിൽ രണ്ടർഥവും ഉചിതമാകുന്നു. ഭാഷാർഥപ്രകാരം അവർ നിരന്തരം അല്ലാഹുവിൽ ശരണം തേടിക്കൊണ്ടിരിക്കുന്നവരാണ്. രണ്ടാമത്തെ അർഥപ്രകാരം, തങ്ങളിൽ വന്നുപോയ തെറ്റുകുറ്റങ്ങളിൽ നിരന്തരം പശ്ചാത്തപിക്കുന്നവരാണവർ. രണ്ടർഥത്തിലും തൗബ വല്ലപ്പോഴും ചെയ്യുന്ന കാര്യമല്ല; അവരുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. ജീവിതം അല്ലാഹുവിനു സമർപ്പിച്ചവർ യാതൊരു തെറ്റും സംഭവിക്കാത്തവരോ സംഭവിച്ചുകൂടാത്തവരോ അല്ല എന്നതാണ് ഇതിൽനിന്നു വ്യക്തമാകുന്ന ഒരു സംഗതി. മാനുഷികമായ ദൗർബല്യങ്ങളും വീഴ്ചകളുമൊക്കെ അവർക്കും സംഭവിക്കാം. അങ്ങനെ സംഭവിച്ചാൽ അതിൽതന്നെ ഉറച്ചു നിന്ന് അതിനെ ന്യായീകരിക്കുകയാവില്ല അവരുടെ രീതി. മറിച്ച് അതെക്കുറിച്ച് ബോധവാന്മാരായാൽ ഉടനെ പശ്ചാത്തപിക്കുകയും ഇനിയതാവർത്തിക്കില്ലെന്ന് പ്രതിജ്ഞ ചെയ്തു അല്ലാഹുവിനോടു മാപ്പപേക്ഷിക്കുകയുമായിരിക്കും.

അല്ലാഹുവിനോടുള്ള അകമഴിഞ്ഞ വിധേയത്വവും അനുസരണവും അതിന്റെ താൽപര്യമായ ആരാധനാനുഷ്ഠാനങ്ങളുമാണ് മൂന്നാമത്തെ സ്വഭാവം. അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ് നാലാമത്തേത്. അല്ലാഹുവിന്റെ മഹത്വത്തെ, കഴിവുകളെ, അവൻ സൃഷ്ടികൾക്ക് ചെയ്ത ഔദാര്യങ്ങളെ എല്ലാം അവർ സദാ വാഴ്ത്തിക്കൊണ്ടിരിക്കും. അഞ്ചാമത്തേത് ദേശാടകർ എന്ന് തർജമ ചെയ്തിട്ടുള്ളത് سائحون എന്ന വാക്കിനെയാണ്. സഞ്ചാരം, യാത്ര എന്നർഥമുള്ള سياحةൽനിന്നുള്ള ബഹുവചന കർതൃപദമാണ് سائحون. ദീനീ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സഞ്ചാരങ്ങളാണ് سياحة എന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. ചിലർ سائحون ന് صائمون (വ്രതമനുഷ്ഠിക്കുന്നവർ) എന്നും അർഥം നൽകിയിട്ടുണ്ട്. അതനുസരിച്ച് നിർബന്ധ നോമ്പിനു പുറമെ ധാരാളം സുന്നത്തു നോമ്പുകളും അനുഷ്ഠിക്കുന്നവരാണവർ. سياحة ഇസ്‌ലാമിനു മുമ്പേ പ്രചാരത്തിലുള്ള ഒരാരാധനാ രീതിയാണ്. സംസാര ലോകത്തിൽ വിരക്തനായി നാടും വീടും വിട്ട് ധ്യാനനിരതനായി സഞ്ചരിച്ചുകൊണ്ടിരിക്കുക. ജാഹിലിയ്യത്തിലെ سياحةഉം ക്രിസ്തുമതത്തിലെ رهبانية എന്ന പൗരോഹിത്യവും ബുദ്ധമതത്തിലെ ഭിക്ഷാടനവും ഹിന്ദുമതത്തിലെ സന്യാസവും എല്ലാം سياحة-ൽ പെടുന്നു. ലൗകിക ജീവിതത്തിൽനിന്നുള്ള പൂർണമായ വിരക്തിയും ബ്രഹ്മചര്യവും ആത്മപീഡനവും ഉൾക്കൊള്ളുന്ന سياحة ഇസ്‌ലാം നിരോധിക്കുന്നു. لا سياحة فى الإسلام (ഇസ്‌ലാമിൽ സിയാഹത്ത് ഇല്ല) എന്ന പ്രമാണം സൂചിപ്പിക്കുന്നത് ജാഹിലിയ്യാ سياحةനെയാണ്.

سياحة هذه الامّة الصيام ولزوم المساجد(ഈ സമുദായത്തിന്റെ സിയാഹത്ത് വ്രതാനുഷ്ഠാനവും പള്ളിയുമായുള്ള നിരന്തര ബന്ധവുമാണ്) എന്ന പ്രമാണം പരാമർശിക്കുന്നത് ഇസ്‌ലാമിക സിയാഹത്തും. سياحة أمّتى الجهاد فى سبيل الله (എന്റെ സമുദായത്തിന്റെ സിയാഹത്ത് അല്ലാഹുവിന്റെ മാർഗത്തിലെ ജിഹാദ് ആകുന്നു) എന്ന് നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദ് ഉദ്ധരിച്ചിട്ടുണ്ട്. ജാഹിലിയാ സിയാഹത്തിന്റെ നിഷേധാത്മക വശങ്ങൾ ഒഴിവാക്കി അതിന്റെ സൃഷ്ടിപരമായ വശങ്ങൾ മാത്രം അംഗീകരിക്കുന്ന സിയാഹത്താണ് ഇസ്‌ലാം അംഗീകരിക്കുന്നത് എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. വ്രതാനുഷ്ഠാനം, ഇഅ്തികാഫ്, ഹിജ്റ, ജിഹാദ്, പ്രബോധന സഞ്ചാരം, വിജ്ഞാനം തേടിയുള്ള ദേശാടനം തുടങ്ങിയവയാണ് ഖുർആൻ ഇവിടെ ഉദ്ദേശിക്കുന്ന സിയാഹത്ത്. ഈ സിയാഹത്ത് പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും ആവാം. *അത്തഹ്‌രീം* 5-ാം സൂക്തത്തിൽ നിഷ്കളങ്ക വിശ്വാസിനികളെ سائحات (സഞ്ചാരിണികൾ) എന്നു വർണിച്ചിട്ടുണ്ട്. ആറും ഏഴുമായി പറഞ്ഞ റുകൂഅ് കൊണ്ടും സുജൂദ് കൊണ്ടും ഉദ്ദേശ്യം നമസ്കാരമാണ്. വിശ്വാസികളുടെ ജീവിതത്തിൽ നമസ്കാരത്തിനുള്ള സ്ഥാനം നേരത്തെ പല സന്ദർഭങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. എട്ടാമത്തേത് ധർമം കൽപിക്കലും ഒമ്പത് അധർമം വിലക്കലുമാണ്. ഇതിന്റെ ആത്യന്തികമായ രൂപമാണ്, ദൈവിക മാർഗത്തിലുള്ള പോരാട്ടവും രക്തസാക്ഷിത്വവും. ആത്യന്തികമായ അവസ്ഥ ചില അസാധാരണ ഘട്ടങ്ങളിൽ മാത്രമേ സ്വീകരിക്കേണ്ടി വരൂ. എന്നാൽ തനിക്കു ചുറ്റുമുള്ള അധർമങ്ങൾ നിർമാർജനം ചെയ്യാനും തൽസ്ഥാനത്ത് സത്യധർമങ്ങൾ വളർത്താനും സദാ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. ഈ ശ്രമം വാക്കുകൊണ്ടാവാം, പ്രവൃത്തികൊണ്ടുമാവാം. രണ്ടിനും പറ്റാത്ത അവസ്ഥയിൽ തിന്മകളെ മനസ്സുകൊണ്ടു വെറുക്കുകയെങ്കിലും വേണം. ഏറ്റം ലഘുവായ ഈമാനെങ്കിലുമുള്ളവരുടെ അവസ്ഥയാണതെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുകയാണ് ഒടുവിൽ പറയുന്ന ഗുണം. الحافظون لحدُود الله എന്നാണ് മൂലവാക്യം. അല്ലാഹുവിന്റെ അതിരുകൾ സൂക്ഷിക്കുന്നവർ എന്നാണ് ഭാഷാർഥം. حفظൽ നിന്നുള്ള കർതൃപദമാണ് حافظ. വെറും പാലനം എന്നതിലപ്പുറം അതിൽ വീഴ്ചവരാതിരിക്കാനുള്ള ജാഗ്രതയും സൂക്ഷ്മതയും ഉൾക്കൊള്ളുന്ന പദമാണ് حفظ. ഹൃദിസ്ഥമാക്കുക എന്നും അർഥമുണ്ട്. حافظന്റെ സാങ്കേതികാർഥം ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയ ആൾ എന്നാണ്. ജീവിതം അല്ലാഹുവിന് സമർപ്പിച്ചവർ അല്ലാഹുവിന്റെ വിധിവിലക്കുകളെക്കുറിച്ച് സദാ ബോധവാന്മാരും അതു പാലിക്കുന്നതിൽ നിഷ്ഠയുള്ളവരുമായിരിക്കും എന്നാണ് ഇവിടെ ആശയം. ഖുർആൻ പലയിടത്തും تقوى എന്നും ഈ ഗുണത്തെ വ്യവഹരിച്ചിട്ടുണ്ട്. അതുകൊണ്ട് الحافظون لحدُود اللهയുടെ താൽപര്യം المتقون എന്നാണെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു.

കാപട്യത്തെയും കപടന്മാരെയും (നിഫാഖിനെയും മുനാഫിഖുകളെയും) കുറിച്ച് വിസ്തരിച്ചു സംസാരിച്ച ശേഷം യഥാർഥ സത്യവിശ്വാസികളുടെ സ്വഭാവചര്യകൾ ഈവിധം വർണിച്ചതിന് മുനാഫിഖുകളും മുഅ്മിനുകളും തമ്മിലുള്ള വ്യത്യാസം തെളിയിച്ചുകാട്ടുക എന്ന മാനവുമുണ്ട്. ഇപ്പറഞ്ഞ ഗുണങ്ങളുള്ളവരാണ് യഥാർഥ വിശ്വാസികൾ; അല്ലാതെ മുസ്‌ലിം സമുദായത്തിൽ അംഗത്വം ലഭിക്കുന്നതിനുവേണ്ടി മാത്രം വിശ്വാസം വാദിക്കുകയും അതിനു നേർ വിപരീതമായ കർമജീവിതം നയിക്കുകയും ചെയ്യുന്നവരല്ല. സത്യവിശ്വാസികൾക്ക് സ്വയം നോക്കിക്കാണാനുള്ള കണ്ണാടി കൂടിയാണീ സൂക്തം.

**113:** സൂറ അതിന്റെ സമാപനത്തിലേക്ക് നീങ്ങുകയാണ്. ഇസ്‌ലാമിനെ സമ്പൂർണമായി പരിചയപ്പെടുത്തിക്കൊടുക്കുകയും സംശയങ്ങൾക്കെല്ലാം വ്യക്തമായ വിശദീകരണങ്ങൾ നൽകുകയും ചെയ്ത ശേഷവും അതിനോട് പോരിന്റെയും ശത്രുതയുടെയും സമീപനം തന്നെ തുടരുന്ന വിഗ്രഹാരാധക

രോടും കപടവിശ്വാസികളോടും അല്ലാഹുവിനും പ്രവാചകനും മുസ്‌ലിം സമുദായത്തിനും യാതൊരു മൈത്രീ ബന്ധവുമില്ല എന്ന് തുറന്നു പ്രഖ്യാപിച്ചുകൊണ്ടാണ് സൂറ ആരംഭിച്ചത്. അനന്തരം ശിർക്കിനോടും നിഫാഖിനോടും ബന്ധപ്പെട്ട് മുസ്‌ലിംകളിലുള്ള പലതരം അനഭിമതമായ പ്രവണതകളെയും തിരുത്താൻ ആവശ്യപ്പെട്ടു. അല്ലാഹുവിന്റെ ശത്രുക്കളിൽനിന്ന് വിശ്വാസികൾക്കുള്ള അകലം ഭൗതിക കാര്യങ്ങളിൽ പരിമിതമല്ലെന്നും ആത്മീയ കാര്യങ്ങളിലും അവരുമായി യാതൊരു ബന്ധവും വേണ്ടെന്നും അനുശാസിച്ചു. പ്രവാചകൻ കപടന്മാർക്കുവേണ്ടി പാപമോചനം തേടുന്നതും മരണാനന്തരം അവരുടെ ഖബറുകൾക്കടുത്ത് ചെന്നു പ്രാർഥിക്കുന്നതും നിരുത്സാഹപ്പെടുത്തി. എങ്കിലും സാധാരണ വിശ്വാസികൾക്ക് അതൊന്നും വിലക്കുകയുണ്ടായില്ല. എല്ലാ ന്യായങ്ങളും പൂർത്തിയാക്കപ്പെട്ട ശേഷവും ബഹുദൈവ വിശ്വാസത്തിലും വിഗ്രഹാരാധനയിലും പരസ്യമായി ശഠിച്ചു വിസ്മരിച്ചു പോയവർ അല്ലാഹുവിന്റെ ശത്രുക്കളും നരകാവകാശികളുമാണെന്ന് വ്യക്തമായിക്കഴിഞ്ഞവരാണെന്നും അവരുടെ പാപമോചനത്തിനോ സ്വർഗലബ്ധിക്കോ വേണ്ടി പ്രവാചകനോ മറ്റു സത്യവിശ്വാസികളോ പ്രാർഥിക്കാൻ പാടില്ലെന്നും കൽപിച്ചിരിക്കുകയാണ് ഈ സൂക്തം.

സ്വന്തം പിതൃവ്യൻ അബൂത്വാലിബ് ആസന്നമരണനായ സന്ദർഭത്തിൽ അടുത്തുണ്ടായിരുന്ന പ്രവാചകൻ അദ്ദേഹത്തോട് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമതുത്തൗഹീദ് ഉരുവിടണമെന്നും എങ്കിൽ താങ്കൾക്കുവേണ്ടി അല്ലാഹുവിങ്കൽ എനിക്ക് വാദിക്കാൻ കഴിയുമെന്നും പറയുകയുണ്ടായി. പക്ഷേ, സ്ഥലത്തുണ്ടായിരുന്ന അബൂജഹ്‌ലും അബ്ദുല്ലാഹിബ്നു അബീ ഉമയ്യതും അബൂത്വാലിബിനെ അതിനനുവദിച്ചില്ല. ഈ അവസാന നിമിഷത്തിൽ പൂർവികരുടെ മതം വെടിഞ്ഞ് ധർമഭ്രഷ്ടനാകരുതെന്ന് അവർ അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നു. 'ഞാൻ എന്റെ പിതാവ് അബ്ദുൽ മുത്ത്വലിബിന്റെ മതത്തിൽ തന്നെയാണ്' എന്നായിരുന്നു അബൂത്വാലിബിന്റെ അവസാനവാക്ക്. അപ്പോൾ 'ഞാൻ വിലക്കപ്പെട്ടില്ലെങ്കിൽ അങ്ങയുടെ പാപമോചനാർഥം പ്രാർഥിക്കും' എന്ന് നബി(സ) പറയുകയുണ്ടായി. ഈ സംഭവവുമായി ബന്ധപ്പെട്ടാണ് പ്രകൃത സൂക്തം അവതരിച്ചതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സൂറ *ബറാഅത്തി*ലെ മറ്റു സൂക്തങ്ങളോടൊപ്പം തന്നെയാണ് ഈ സൂക്തവും അവതരിച്ചതെന്നാണ് മറ്റു പണ്ഡിതന്മാരുടെ പക്ഷം. അതനുസരിച്ച്, ഈ സൂക്തം അവതരിക്കുന്നതുവരെ ജാഹിലിയ്യത്തിൽ മരിച്ചുപോയ ബന്ധുക്കൾക്കുവേണ്ടി പ്രാർഥിക്കുന്നത് അനുവദനീയമായിരുന്നുവെന്നും പ്രവാചകൻ അങ്ങനെ ചെയ്തിരുന്നുവെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്.

ഇസ്‌ലാം സത്യമാണെന്ന് എല്ലാ വിധത്തിലും മനസ്സിലാക്കിക്കൊടുത്ത ശേഷവും അംഗീകരിക്കാൻ തയാറാവാതെ അതിനോട് ശത്രുതയോടെ വർത്തിക്കുന്ന ബഹുദൈവാരാധകരാണ് ഇവിടെ مشركين എന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെ യാഥാർഥ്യം മനസ്സിലായിട്ടില്ലാത്തവർക്ക് അതു മനസ്സിലാക്കിക്കൊടുക്കുകയാണ് വിശ്വാസിയുടെ ചുമതല. അത്തരക്കാർക്ക് മനസ്സിലാക്കാനും വിശ്വസിക്കാനും ഉതവിയരുളേണമേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യണം. അതുപോലെ വിശ്വാസം കൈക്കൊണ്ടശേഷം പാപങ്ങളിലകപ്പെട്ടുപോകുന്നവരുടെ പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയെന്നതും പുണ്യകർമമാണ്. എന്നാൽ സത്യം വ്യക്തമായി ബോധ്യപ്പെട്ട ശേഷം അല്ലാഹുവിനെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന, ഇനിയും സത്യം സ്വീകരിച്ചേക്കുമെന്ന പ്രതീക്ഷക്ക് ഒട്ടും വകയില്ലാത്ത ആളുകൾ യാതൊരു അനുഭാവവും അർഹിക്കുന്നില്ല. പ്രതീക്ഷയുടെ അവസാനത്തെ പൊരിയും അണഞ്ഞുപോയാൽ പിന്നെ അല്ലാഹു അവരെ തന്റെ സംരക്ഷണോത്തരവാദിത്വത്തിൽനിന്ന് പുറംതള്ളിയതായി മനസ്സിലാക്കണം. ആരുടെ ഉത്തരവാദിത്വത്തിൽനിന്ന് അല്ലാഹു മുക്തനാകുന്നുവോ അവരുടെ ഉത്തരവാദിത്വത്തിൽനിന്ന് വിശ്വാസികളും മുക്തരായിരിക്കുന്നു.

അല്ലാഹു അവരുടെ ഉത്തരവാദിത്വത്തിൽ നിന്നൊഴിവാകാനും അവരോട് ബന്ധം വിഛേദിക്കാനുമുള്ള മുഖ്യകാരണം അവർ അല്ലാഹുവിന്റെ ശത്രുക്കളാണ് എന്നതാകുന്നു. അല്ലാഹുവിന്റെ പ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്ത ധർമ മാർഗത്തിനും ആ മാർഗം കൈക്കൊണ്ട മുസ്‌ലിം സമൂഹത്തിനും എതിരായുള്ള ശത്രുത അല്ലാഹുവിനോടുള്ള ശത്രുത തന്നെയാണ്. അല്ലാഹുവിന്റെ ശത്രുക്കൾക്ക്, അവർ സ്വന്തം മാതാപിതാക്കളാണെങ്കിൽപോലും പാപമോചനവും സ്വർഗദാനവും അല്ലാഹുവിനോടാവശ്യപ്പെടുക വിശ്വാസികളുടെ വിശ്വാസ താൽപര്യവുമായി ഒരിക്കലും പൊരുത്തപ്പെടുന്നതല്ല. എന്നല്ല, ശിർക്കിന്റെയും നിഫാഖിന്റെയും ഛായയാണത്തരം പ്രാർഥനകൾക്കുള്ളത്.

വിശ്വാസിയായിക്കൊണ്ട് പാപങ്ങൾ ചെയ്തവർക്ക് വേണ്ടി അല്ലാഹുവിനോട് മാപ്പു തേടുന്നതും അവിശ്വാസിയെന്ന് വ്യക്തമാക്കപ്പെട്ടവന് വേണ്ടി മാപ്പു തേടുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. വിശ്വാസികൾ എത്ര വലിയ പാപം ചെയ്താലും അവർക്കുവേണ്ടി പ്രാർഥിക്കുന്നത് സൽകർമമാകുന്നു. ദൈവവിരോധിയെന്ന് വ്യക്തമായവനു വേണ്ടി പ്രാർഥിക്കുന്നത് നിഷിദ്ധവും. ആദ്യത്തെയാൾ രാജ്യത്തെ നിയമവ്യവസ്ഥകൾ ലംഘിച്ച പൗരനെപ്പോലെയാണ്. അധികൃതർക്ക് വേണമെങ്കിൽ അയാൾക്ക് മാപ്പു നൽകാം. മാപ്പു നൽകണമെന്ന് മറ്റുള്ളവർക്ക് അധികൃതരോട് ശിപാർശ ചെയ്യുകയുമാവാം. എന്നാൽ രാജ്യത്തെയോ അതിന്റെ നിയമ വ്യവസ്ഥയെയോ അംഗീകരിക്കാത്ത ഒരാൾ ആ രാജ്യത്തെ പൗരനല്ല. അയാൾ രാജ്യദ്രോഹിയാണ്. അത്തരം ഒരു കുറ്റവാളിക്ക് മാപ്പു നൽകണമെന്ന് അധികൃതരോടാവശ്യപ്പെടുക രാജ്യസ്നേഹികൾക്ക് ചേർന്നതുമല്ല. രാജ്യസ്നേഹത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണത്. അല്ലാഹുവിനോട് വിരോധം വെളിപ്പെടുത്തുന്നവന്റെ അവസ്ഥ ഈ രാജ്യദ്രോഹിയുടേതാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ താൽപര്യത്തിനു വിരുദ്ധമായതുകൊണ്ടാണ് അത്തരക്കാർക്കുവേണ്ടി അല്ലാഹുവിനോടു മാപ്പിരക്കുക വിശ്വാസികൾക്ക് ഭൂഷണമല്ലാതാകുന്നത്. രാജാവിനെ രാജാവായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നവർ രാജശാസന ലംഘിച്ചാൽ കുറ്റവാളിയാണ്. എങ്കിലും തന്റെ ഒരു പ്രജ എന്ന നിലയിൽ രാജാവ് അയാൾക്ക് മാപ്പു കൊടുത്തേക്കാം. തങ്ങളെപ്പോലെ രാജ്യത്തോടും രാജാവിനോടും കൂറുള്ള പൗരൻ എന്ന നിലയിൽ അയാൾക്ക് മാപ്പു കൊടുക്കണമെന്ന് സഹപൗരന്മാർക്ക് രാജാവിനോടപേക്ഷിക്കുകയുമാകാം. പക്ഷേ, രാജാവിന്റെ പദവിയെയും അധികാരത്തെയും നിഷേധിക്കുകയും, താൻ രാജാവായി അംഗീകരിക്കുന്നത് വേറെ ചിലരെയാണെന്ന് ഘോഷിക്കുകയും ചെയ്യുന്ന ഒരാൾക്ക് മാപ്പു കൊടുക്കുക ശക്തിയും അധികാരവുമുള്ള ഒരു രാജാവിനും ചേർന്നതല്ല. രാജാവിനോടു കൂറുള്ള ഒരു പ്രജക്കും രാജാവ് അങ്ങനെ ചെയ്യണമെന്ന് ശിപാർശ ചെയ്യാനും കഴിയില്ല. അഥവാ ആരെങ്കിലും അങ്ങനെ ശിപാർശ ചെയ്യുന്നുവെങ്കിൽ അവർക്ക് രാജ്യദ്രോഹത്തിൽ താൽപര്യമുണ്ട് എന്നാണർഥം.

അല്ലാഹുവിന്റെ ശത്രുക്കൾ ഉറ്റബന്ധുക്കളാണെങ്കിലും അവർക്കുവേണ്ടി പ്രാർഥിക്കരുത് എന്ന് എടുത്തു പറഞ്ഞത്

അന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. കുടുംബബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പരസ്പര സംരക്ഷണത്തിന് അറേബ്യൻ ജാഹിലിയ്യത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. മർദകനായാലും മർദിതനായാലും സഹോദരനെ സഹായിച്ചുകൊള്ളണം. انصر أخاك ظالما ام مظلوما എന്നായിരുന്നു പ്രമാണം. ഒരു ഗോത്രത്തിലെ ഒരംഗം ആരെയെങ്കിലും അക്രമിക്കാൻ തുനിയുകയോ അല്ലെങ്കിൽ ആരെങ്കിലും അയാളെ അക്രമിക്കാൻ തുനിയുകയോ ചെയ്താൽ അയാളുടെ ഗോത്രം മുഴുവൻ അയാളെ സഹായിക്കാനെത്തുകയും ആ സംരംഭത്തിൽ ജീവാർപ്പണം ചെയ്യാൻ തയാറാവുകയും ചെയ്യുമായിരുന്നു. ഇസ്‌ലാം ഈ സമ്പ്രദായം നിരോധിച്ചു. തർക്കങ്ങളിൽ വിശ്വാസികൾ സത്യത്തിന്റെയും നീതിയുടെയും ഭാഗത്തു മാത്രമേ നിൽക്കാവൂ എന്നും ശത്രുക്കളോടുപോലും അന്യായവും അനീതിയുമരുതെന്നും അനുശാസിച്ചു. ഉദാ. 5:106, 6:152, 5:42, 49:9. അറബികളുടെ സവിശേഷ രീതി മാറ്റിനിർത്തിയാലും ലോകത്തെങ്ങും വ്യക്തികൾ ധർമവും നീതിയും ആദ്യം ലംഘിക്കുന്നത് സ്വന്തക്കാർക്കുവേണ്ടിയാണ്. ഓരോരുത്തനും തന്നെ കഴിഞ്ഞാൽ പിന്നെ ഏറ്റവുമധികം രക്ഷയും സൗഭാഗ്യവും ആഗ്രഹിക്കുന്നതും സ്വജനങ്ങൾക്കു തന്നെ. അല്ലാഹുവിന്റെ തെളിഞ്ഞ ശത്രുക്കളുടെ കാര്യത്തിൽ സ്വന്തക്കാർ, ബന്ധുക്കൾ എന്ന പരിഗണന വിശ്വാസികളെ സ്പർശിക്കരുത് എന്നാണ് وَلَوْ كَانُوٓا۟ أُو۟لِى قُرْبَىٰ എന്ന വാക്യത്തിലൂടെ വ്യക്തമാകുന്നത്. അല്ലാഹുവിന്റെ ശത്രുവെന്ന് തെളിഞ്ഞുകഴിഞ്ഞാൽ സ്വന്തം മാതാവായാലും പിതാവായാലും മക്കളായാലും വിശ്വാസിയുടെയും ശത്രുവാകുന്നു. അല്ലാഹുവിന്റെ ശത്രുവും നരകാവകാശിയുമാണെന്ന് തെളിഞ്ഞ ശേഷമാണ് അവിശ്വാസിയോട് ഈ നിലപാട് സ്വീകരിക്കേണ്ടത്. അങ്ങനെ തെളിയുന്നതുവരെ അയാളുടെ മാനസാന്തരത്തിൽ പ്രതീക്ഷയർപ്പിച്ചു പ്രവർത്തിക്കണം. രണ്ടുവിധത്തിലാണ് ഇതു തെളിയുക. ഒന്ന്, സത്യദീനിനെതിരെ പരസ്യമായി പോരിനിറങ്ങുക. ആയുധവുമായി വരുന്നവരുടെ മാനസാന്തരം പ്രതീക്ഷിച്ച് അടങ്ങിയിരിക്കേണ്ടതില്ല. അവരെ അല്ലാഹുവിന്റെ ശത്രുവായിക്കണ്ട് ആയുധംകൊണ്ടുതന്നെ നേരിടണം. ചിലപ്പോൾ നേരിട്ട് ഒരേറ്റുമുട്ടലല്ലാത്ത മറ്റു കുത്സിത നടപടികളിലൂടെയും ദൈവത്തിന്റെ ശത്രുക്കൾ അവരുടെ ശത്രുത വെളിപ്പെടുത്തിയേക്കാം. പ്രവാചകന്മാരിൽ പലർക്കും അത്തരം ശത്രുക്കളെ നേരിടേണ്ടി വന്നിട്ടുണ്ട്. നൂഹ്(അ) رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَٰفِرِينَ دَيَّارًا (നാഥാ, ഈ നാട്ടിൽ സത്യനിഷേധികളുടെ ഒരു വീടും അവശേഷിപ്പിക്കരുതേ) എന്ന് പ്രാർഥിച്ചത് അത്തരം ശത്രുക്കളെക്കുറിച്ചാണ്. സത്യനിഷേധത്തിലും ബഹുദൈവാരാധനയിലും ഉറച്ചു നിൽക്കെ മരണപ്പെടുകയാണ് രണ്ടാമത്തേത്. അവരിൽനിന്ന് യാതൊന്നും ഇനി പ്രതീക്ഷിക്കാനില്ലല്ലോ. ആ അവസ്ഥയിൽ മരണപ്പെട്ടതോടെ അല്ലാഹു അവർക്ക് നരകം വിധിച്ചിട്ടുള്ളതായി വ്യക്തമായിരിക്കുന്നു. അതിനാൽ എല്ലാ ദാക്ഷിണ്യങ്ങളിൽനിന്നും അവരകറ്റപ്പെട്ടിരിക്കുന്നു. ഖുർആന്റെ ദൃഷ്ടിയിൽ വിശ്വാസികളുടെ പ്രാർഥന വെറും ഒരുപചാര പ്രകടനമല്ല; അല്ലാഹുവിനോടുള്ള ശിപാർശയാണ്. ആത്മാർഥമാണെങ്കിൽ അതിനു അല്ലാഹുവിങ്കൽ വലിയ പരിഗണനയുണ്ട്. പരിഗണനീയരായ ശിപാർശകർ പാലിക്കേണ്ട മര്യാദയാണ് പരിഗണനാർഹമല്ലാത്ത ശിപാർശകൾ നടത്താതിരിക്കുക എന്നത്. ■